പെരുവിരിത്തിമല ക്ഷേത്രസങ്കേതവും വസ്തുവകകളും.

300. [33] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) "പെരുവിരിത്തിമല" എന്ന പുരാതന കുറവരുടെ ക്ഷേത്രസങ്കേതവും അതിന്റെ പേക്ക് കരമൊഴിവായി നൽകിയിട്ടുള്ള വസ്തുവകകളും അന്യാധീനപ്പെട്ടുപോവാൻ ശ്രമിക്കുന്നതോ കയ്യേറുന്നതോ ആയും, ഇക്കാര്യത്തിൽ ഇടപെട്ട് നീതിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടും ബഹുമാനപ്പെട്ട ഗവണ്മെന്റിലേക്ക് എന്തെങ്കിലും നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു്, ആരിൽനിന്നു്, എന്തു നടപടിയെടുത്തു എന്നു പറയാമോ ;

(സി) ഇല്ലെങ്കിൽ ഈ കാര്യത്തെസംബന്ധിച്ചു് വ്യക്തമായ ഒരന്വേഷണം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) 19-8-55-ൽ കുന്നത്തൂർ പോലീസ് പരിധിയിൽ പെരുവിരിത്തിമല ഉന്നാളികടത്തുംഭാഗത്തുവച്ച് ആതിച്ചൻ ശങ്കരനിൽനിന്നും സമസ്ത കേരള സിലോൺ സൊസൈറ്റി ജനറൽ സെക്രട്ടറി ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രികൾ, എം. എൽ. എ. മുഖാന്തിരം. ഈ നിവേദനം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

നിർബ്ബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം.

301. [34] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ജി. ഒ. മാരുടെ സന്താനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസസൗജന്യങ്ങൾ തൊഴിലാളികളുടെയും ഇടത്തരം സാധുവിഭാഗങ്ങളിൽപ്പെട്ട കൃഷിക്കാരുടെയും കുട്ടികൾക്കു നൽകുന്നതിനെപ്പറ്റി ഗവണ്മെന്റു് ആലോചിച്ചു് വരികയാണെന്നു കഴിഞ്ഞ നിയമസഭയിൽ നൽകിയ ഉറപ്പിനെ തുടർന്നു നടത്തുന്ന നടപടി ആലോചന എത്രത്തോളമായി ; അടുത്തവർഷത്തിൽ ആ സൗജന്യം നടപ്പാക്കുമോ ;

(ബി) തിരുവിതാംകൂർ-കൊച്ചിയിലെ നിരക്ഷരതയെ ഉൻമൂലനം ചെയ്യുന്നതിനായി നിർബന്ധിതവിദ്യാഭ്യാസം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതൽ, പഞ്ചവത്സരപദ്ധതിയിൽ വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ ; അതിനു ഒന്നാമത്തെ പദ്ധതിയിൽ എന്തു തുക നീക്കിവച്ചിരുന്നു, എന്തെല്ലാം അതിനുവേണ്ടി ചെയ്തിട്ടുണ്ടു് ; രണ്ടാംപഞ്ചവത്സരപദ്ധതിയിൽ എന്തു ചെയ്യാനുദ്ദേശിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) രക്ഷകർത്താക്കന്മാരുടെ സാമ്പത്തികസ്ഥിതിയെ അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസം സൗജന്യമാക്കാൻ ആലോചിക്കുന്നുണ്ട്. അതിന്റെ സാമ്പത്തികവശങ്ങളെപ്പറ്റി പഠിച്ചുവരികയാണ്. സൗജന്യം എന്നേക്കു നടപ്പിലാക്കുൻ സാധിക്കുമെന്നു് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

(ബി) ഉദ്ദേശിക്കുന്നുണ്ട്. രണ്ടാംപഞ്ചവത്സരപദ്ധതി നടപ്പാക്കുന്നതുമുതൽ, രണ്ടാംപഞ്ചവത്സരപദ്ധതിയിൽ അതിനുള്ള തുക കൊള്ളിച്ചിട്ടുണ്ട്. ഒന്നാംപഞ്ചവത്സരപദ്ധതിയിൽ അതിനുള്ള തുക കൊള്ളിച്ചിട്ടില്ലായിരുന്നു. നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം ബാക്കിയുള്ള 25 താലൂക്കുകളിലേക്കുകൂടി വ്യാപിപ്പിക്കാൻ തുക കൊള്ളിച്ചിട്ടുണ്ട്. 75 ഡിപ്പാർട്ട്മെൻറും 325 പ്രൈവറ്റ് പ്രൈമറിസ്കൂളുകളും തുടങ്ങാൻ ഉദ്ദേശിക്കുന്നു.

മങ്കൊമ്പുലേബർ ആഫീസറുടെ പ്രാദേശികാധികാരപരിധി.

302. [37] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കൊമ്പുലേബർ ആഫീസറുടെ പ്രാദേശികാധികാരപരിധി (ടെറിട്ടോറിയൽ ജൂറിസ്ഡിക്ഷൻ) യിൽ ഏതെല്ലാം സ്ഥലങ്ങൾ ഉൾപ്പെടുന്നുണ്ട് :

(ബി) മങ്കൊമ്പിൽനിന്നും എത്രദൂരംവരെ മേൽപ്പറഞ്ഞ അധികാരപരിധി വ്യാപിക്കുന്നുണ്ട് ?

(സി) ചങ്ങനാശേരിയിൽ ഒരു ലേബർ ആഫീസു സ്ഥാപിക്കണമെന്നു് ലേബർ വകുപ്പിൽ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ചങ്ങനാശേരി താലൂക്കിന്റെ വിവിധഭാഗങ്ങളിൽനിന്നും മങ്കൊമ്പിൽ ചെന്നുചേരുന്നതിനുള്ള അസൗകര്യങ്ങളേയും, ചങ്ങനാശേരിയിൽ വർദ്ധിച്ചുവരുന്ന തൊഴിലാളിപ്രവർത്തനങ്ങളേയും പരിഗണിച്ചു് ചങ്ങനാശേരി ടൗണിൽ ഒരു ലേബർ ആഫീസു തുടങ്ങുന്നതിനു് സത്വരനടപടികൾ എടുക്കാൻ ഗവണ്മെൻറിനു് ഉദ്ദേശമുണ്ടോ?

ഉത്തരം.

(എ) മങ്കൊമ്പു ലേബർ ആഫീസറുടെ പ്രാദേശികാധികാരപരിധിയിൽ കുട്ടനാടു് കർഷകപ്രദേശങ്ങളും ചങ്ങനാശേരി താലൂക്കും ഉൾപ്പെടുന്നു.

(ബി) മങ്കൊമ്പിൽനിന്നും കിഴക്കേഅതിർത്തിയായ മുണ്ടക്കയത്തേക്കു 50 മൈലും, തെക്കുകിഴക്കേ അതിർത്തിയായ എരുമേലിക്കു് 50 മൈലും, വടക്കേഅതിർത്തിയായ വൈക്കത്തേക്കു് 20 മൈലും തെക്കേ അതിർത്തിയായ മാവേലിക്കരയ്ക്കു് 25 മൈലും പടിഞ്ഞാറേ അതിർത്തിയായ ആലപ്പുഴക്കു് 8 മൈലും വരെ അധികാരപരിധി വ്യാപിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ചങ്ങനാശേരി ടൗണിൽ ഒരു ലേബർ ആഫീസു് ആവശ്യമാണോ എന്നു് അന്വേഷണം നടത്താം.

LIBRARY ARCHIVES Kerala Legislative Assembly